# കേരളവും കശുവണ്ടി വ്യവസായവും

വി.ജെ. ജോസഫ്
ഐ.എൻ.റ്റി.യു.സി.
സംസ്ഥാന ജനറൽ സെക്രട്ടറി

ഒരു നൂറ്റാണ്ടിന്റെ പഴമയും, മൂന്നു ലക്ഷം തൊഴിലാളി കുടുംബങ്ങളുടെ ജീവിതാശ്രയവുമായ കൊല്ലത്തെ കശുവണ്ടി വ്യവസായത്തിൽ ഒരു വൻഗൂഢാലോചനയിലൂടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന പ്രതിസന്ധി പൊതുവിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. കേവലം അഴിമതി ആരോപണങ്ങളുടെ കെട്ടുകഥകളിൽ നിസ്സരാവൽക്കരിക്കപ്പെടേണ്ടതല്ല ഈ മേഖല നേരിടുന്ന വിഷയങ്ങൾ. കശുവണ്ടി വികസന കോർപ്പറേഷന്റെ കമ്പനികൾ എല്ലാം കഴിഞ്ഞ 11 മാസമായി പ്രവർത്തനം നിലച്ച് അടഞ്ഞു കിടക്കുന്നു. ഈ അവസരം മുതലാക്കി മുതലാളിമാരും കമ്പനികൾ അടച്ചിട്ടിരിക്കുന്നു. അതോടൊപ്പം നിയമം മൂലം നിരോധിക്കപ്പെട്ട പ്രാകൃതസമ്പ്രദായമായ "കുടിവറപ്പ്" വ്യാപകമായിരിക്കുന്നു. തൊഴിലാളികളുടെ ആനുകൂല്യ നിഷേധം പരസ്യമായി നടക്കുന്നു. ദിനംപ്രതി കോർപ്പറേഷനിലെ അഴിമതി യുടെ ഓരോ കെട്ടുക്കഥകൾ പലപ്രാവശ്യം തിരിച്ചും മറിച്ചും പത്ര - ദൃശ്യ - മാധ്യമങ്ങളിലൂടെ നടത്തി യഥാർത്ഥ വിഷയത്തിൽ നിന്ന് ശ്രദ്ധ തിരിക്കപ്പെടുന്നു. ഇതിന് പിന്നിൽ ഒരു വൻഗൂഢാലോചന ഉണ്ട് എന്നതിൽ തർക്കമില്ല.

ബ്രസീലാണ് കശുമാവിന്റെ ഉത്ഭവരാജ്യം. 16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ കേരളത്തിലേയ്ക്ക് കൊണ്ടു വന്ന വൃക്ഷച്ചെടി യാണിത്. ഈ ചെടിയുടെ ഉൽപന്നമാണ് കശുവണ്ടി. ഇന്നിപ്പോൾ ഇന്ത്യ - ടാൻസാനിയ - വിയറ്റ്നാം - നൈജീരിയ - ബ്രസീൽ എന്നീ രാജ്യങ്ങൾ കശുവണ്ടിയുടെ പ്രധാന ഉൽപാദക രാജ്യങ്ങളാണ്.

ഇന്ത്യയിലെ കശുവണ്ടി വ്യവസായം കൊല്ലം ജില്ല കേന്ദ്രീകരിച്ച്, 1920 മുതൽ പ്രവർത്തിക്കുന്നു. ഈ തൊഴിലുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകളാണ് എന്നത് വ്യാപകമായ തൊഴിൽ ചൂഷണത്തിന് വഴി ഒരുക്കി. കൊല്ലം ജില്ലയിൽ മാത്രം 3 ലക്ഷത്തോളം പേരാണ് ഈ തൊഴിൽകൊണ്ട് ഉപജീവനം കഴിയുന്നത്. തുടക്കം മുതൽ സമ്പന്നൻമാർ ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൈയ്യടക്കി യാതൊരു നീതികരണവുമില്ലാത്ത തൊഴിൽ ചൂക്ഷണം വ്യാപകമാക്കി. 14 മണിക്കൂർ വരെ ജോലി - നാമമാത്രമായ കൂലി - ബാലവേല വ്യാപകം - യാതൊരുനിയമവും ബാധകമല്ല - എല്ലാ രീതിയിലും ക്രൂരമായ പീഡനങ്ങൾ. ഈ തൊഴിൽ രംഗത്തെ പൊതുസ്ഥിതി ഇതായിരുന്നു. അണ്ടി ചുട്ടുതല്ലി 500 ഗ്രാം പരിപ്പ് എടുത്തു കൊടുക്കു

ന്നതിന്റെ 1942 – ലെ കൂലി 10 പൈസ ആയിരുന്നു. ഇതിനെതിരെ തൊഴിലാളി കൾ സ്വയം സംഘടിച്ച് നടത്തിയ സമരങ്ങളെ മുതലാളിമാർ അടിച്ചൊതുക്കി.

ഉൽപാദനവും – വ്യാപരവും – കയറ്റുമതിയും സമർദ്ധമായി നടന്നപ്പോൾ മുതലാളിമാർ ശതകോടിശ്വരൻമാരും, പ്രമാണിമാരുമായി. ഇന്ത്യൻ കയറ്റുമതിയിൽ 80 ശതമാനവും കൊല്ലം കേന്ദ്രീകരിച്ചുകൊണ്ട് നടന്നപ്പോൾ ഈ ജില്ല കശുവണ്ടി വ്യവസായത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറി. 1957 – ൽ ക്യാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ കേന്ദ്ര സർക്കാർ അരംഭിച്ചപ്പോൾ അതിന്റെ ആസ്ഥാനവും കൊല്ലത്തു തന്നെയായി. ചുരുക്കത്തിൽ ലോക കശുവണ്ടി വ്യവസായത്തിന്റെ തലസ്ഥാനമായി കൊല്ലം ജില്ല മാറി.

## തൊഴിലാളികളും – ജനാധിപത്യ സർക്കാരുകളും

ജനാധിപത്യ ഗവൺമെന്റുകൾ കേന്ദ്രത്തിലും, സംസ്ഥാനത്തും നിലവിൽ വന്നു. കശുവണ്ടി തൊഴിലാളികൾക്ക് മിനിമം വേതനം, ഇ.എസ്.ഐ., പ്രൊവിഡന്റ് ഫണ്ട് തുടങ്ങിയ തൊഴിലാളി സംരക്ഷണ നിയമങ്ങൾ ബാധകമാക്കി. ഇതിനെ ചെറുക്കാൻ മുതലാളിമാർ "കുടിവറപ്പ്" സമ്പ്രദായം പ്രചരിപ്പിച്ചു. തൊഴിലാളികൾ ഓരോരുത്തരും തങ്ങളുടെ വീട്ടിൽ തന്നെ അണ്ടി വറുത്ത് തല്ലി പരിപ്പ് കൊണ്ടു വരിക എന്നതായിരുന്നു ഈ സമ്പ്രദായം. ഈ രീതി നടപ്പാക്കി നീതിന്യായ വ്യവസ്ഥകളെയും സർക്കാരിനെ തന്നെയും മുതലാളിമാർ പരസ്യമായി വെല്ലുവിളിച്ചു. ഫാക്ടറി കൾ പലതും അടച്ചിട്ടു. കുടിവറപ്പ് സമ്പ്രദായത്തിന് പുറമെ തമിഴ്നാട് വഴിയും ഇവർ ഉൽപാദനം ആരംഭിച്ചു.

## സർക്കാരും കശുവണ്ടി വ്യവസായവും

മുതലാളിമാരുടെ "കുടിവറപ്പ്" സമ്പ്രദായം നിരോധിച്ച അച്യുത മേനോൻ സർക്കാർ, 1969 – ൽ കേരള സ്റ്റേറ്റ് കാഷ്യു ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനം ആരംഭിച്ചു.

- കശുവണ്ടി വ്യവസായ മേഖലയിൽ ഒരു മാതൃകാ സ്ഥാപനമായി പ്രവർത്തിക്കുക.
- തൊഴിലാളി താൽപര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുക.
- തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുക.
- തൊഴിലാളികൾക്ക് മിനിമം വേതനവും മറ്റ് നിയമപരമായ ആനുകൂല്യങ്ങളും നൽകുക. എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി യാണ് കോർപ്പറേഷൻ സ്ഥാപിതമായത്.

“കുടിവറപ്പ്” സമ്പ്രദായം നിരോധിച്ചതും, കോർപ്പറേഷൻ രൂപീകരിച്ച് സർക്കാർ കശുവണ്ടി വ്യവസായത്തിലേയ്ക്ക് കടന്നതും, അടച്ചിട്ടിരുന്ന സ്വകാര്യ കമ്പനികൾ ഏറ്റെടുത്തതും, അതിനായി കാഷ്യൂ ഫാക്ടറി അക്യുസേഷൻ നിയമം 1974 ൽ നടപ്പാക്കിയതും, 1975 ൽ തൊഴിലാളികളുടെ കൂലി മിനിമം വേതനത്തിലൂടെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചതും, തൊഴിൽ നിയമങ്ങൾ കർക്കശമാക്കിയതും, ഈ രംഗത്ത് കുലപതികളും കോടീശ്വരൻ മാരുമായി മാറിയ കശുവണ്ടി മുതലാളിമാർക്ക് സഹിക്കാൻ കഴിഞ്ഞില്ല.

കോടതിയിൽ കേസ്സ് കൊടുത്തും, സർക്കാരിനെതിരായി അപവാദ ങ്ങൾ പ്രചരിപ്പിച്ചും, കോർപ്പറേഷനിൽ കെടുകാര്യസ്ഥതയും അഴിമതി യുമാണെന്ന പെരുമ്പറ കൊട്ടിയും മുതലാളിമാർ ഈ സ്ഥാപനത്തിന്റെ തുടക്കം മുതൽ ഇതിനെ തകർക്കുവാൻ ശ്രമിച്ചു. ഇതിനായി കാലകാല ങ്ങളിലെ പ്രതിപക്ഷപാർട്ടികളെയും, ചില ട്രേഡ് യൂണിയൻ നേതാക്കളെയും, ചില ഉദ്യോഗസ്ഥ പ്രമുഖരെയും, പത്ര- ദൃശ്യമാധ്യമങ്ങളെയും ഫലപ്രദമായി തരാതരത്തിൽ ഉപയോഗിച്ചു വന്നു. ആരോപണങ്ങളുടെ നിജസ്ഥിതി കണ്ടെത്തുക എന്നതിനെക്കാളുപരി അതൊരു ആഘോഷമാക്കി മാറ്റുകയാണ് എന്നും ഈ മേഖലയിൽ നടന്നിട്ടുള്ള പൊതുപ്രവണത. ഇതിന്റെ ഫലമായി പലമന്ത്രിമാരെയും, ട്രേഡ് യൂണിയൻ നേതാക്കളെയും, രാഷ്ട്രീയ നേതാക്കളെയും ഉദ്യോഗസ്ഥരെയും ആരോപണങ്ങളുടെ മുൾമുനയിൽ നിർത്തുവാൻ ഇവരുടെ പണത്തിനും സ്വാധീനത്തിനും, ഗൂഢാലോചന കൾക്കും കഴിഞ്ഞു. ഈ ദൂർപ്രവർത്തനങ്ങളുടെ ഏറ്റവും അവസാനത്തെ രണ്ട് ഇരകളാണ് മൂന്നര വർഷക്കാലം മാത്രം കോർപ്പറേഷൻ ചെയർമാനാ യിരുന്ന ശ്രീ. ആർ. ചന്ദ്രശേഖരനും, പത്തു വർഷം മാനേജിംഗ് ഡയറക്ടർ ആയിരുന്ന ഡോ. കെ.എ. രതീഷും.

സർക്കാർ നിയമിക്കുന്ന ചെയർമാനും, മാനേജിംഗ് ഡയറക്ടറും കശുവണ്ടി മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളും സർക്കാർ ഉദ്യോഗ സ്ഥരും, രാഷ്ട്രീയപാർട്ടി പ്രതിനിധികളും അടങ്ങുന്ന 11 അംഗ ഡയറക്ടർ ബോർഡിനാണ് കോർപ്പറേഷന്റെ ഭരണചുമതല.

ഈ കോർപ്പറേഷൻ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. 1969 മുതൽ 2016 വരെയുള്ള പിന്നിട്ട 47 വർഷത്തെ പ്രവർത്തനത്തിൽ 22 ചെയർമാൻമാരും, 22 മാനേജിംഗ് ഡയറക്ടർ മാരും ഈ സ്ഥാപനത്തിൽ ഉണ്ടായി. 22 ചെയർമാൻമാരിൽ 9 പേരും, എം.ഡി. മാരിൽ 11 പേരും IAS കാരായിരുന്നു. 2011-ലെ ആന്റണി സർക്കാർ നിയമിച്ച കെ. ഗോപിനാഥ് ചെയർമാനാ യിരിക്കുമ്പോൾ, 2004 - ലെ ഉമ്മൻചാണ്ടി സർക്കാരാണ് ഡോ. കെ. എ. രതീഷിനെ 2005 ൽ മാനേജിംഗ് ഡയറക്ടറായി നിയമിച്ചത്.

1969 മുതൽ 2004 വരെയുള്ള 35 വർഷത്തെ കോർപ്പറേഷന്റെ പ്രവർത്തനം തൊഴിലാളികൾക്ക് ജോലി കൊടുക്കുകയെന്ന സ്ഥാപിത ലക്ഷ്യം സാധിതമാക്കുവാൻ കഴിഞ്ഞില്ലായെന്നു മാത്രമല്ല, ഈ കാലയളവിൽ ആകെ 488 കോടിയുടെ നഷ്ടവും ഉണ്ടായി. വിറ്റുവരവ് പൂജ്യം ആയിരുന്ന 2002 – 03 സാമ്പത്തിക വർഷത്തിൽ പോലും 30 കോടിയുടെ നഷ്ടമുണ്ടായി. ഇരുപതോളം IAS കാർ മാറിയും തിരിഞ്ഞും കോർപ്പറേഷൻ ഭരണ നടത്തിയപ്പോൾ ഉണ്ടായ പൊതുസ്ഥിതി ഇതായിരുന്നു. ഈ വിഷയങ്ങൾ എല്ലാം വിശകലനം ചെയ്ത ഉമ്മൻചാണ്ടി സർക്കാർ ഈ രംഗത്ത് വാണിജ്യ – വിപണ–സാങ്കേതിക മാനേജ്മെന്റ് മികവുള്ള വ്യക്തിയെ കണ്ടെത്തി നിയമനം നടത്തുവാൻ തീരുമാനിച്ചു. ഇങ്ങനെയാണ് **'കേരളത്തിലെ കശുവണ്ടി വ്യവസായത്തിലെ പ്രശ്നങ്ങളും, സാധ്യതകളും'** എന്ന വിഷയത്തിൽ ഗവേഷണം നടത്തി കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ നിന്നും (കുസാറ്റ്) ഡോക്ടറേറ്റ് നേടിയ ശ്രീ. കെ. എ. രതീഷിനെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുന്നത്.

ഇന്നിപ്പോൾ രതീഷ് കമ്മ്യൂണിസ്റ്റ്കാരനാണെന്ന് രഹസ്യമായി പറയുന്നു. അങ്ങനെയെങ്കിൽ ഈ കമ്മ്യൂണിസ്റ്റ്കാരനായ രതീഷിനെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച രാഷ്ട്രീയ തെറ്റ് ആദ്യം ചെയ്തത് 2004 – ലെ ഉമ്മൻചാണ്ടി സർക്കാരല്ലെ?.

Freedom with Responsibility (ഉത്തരവാദിത്വത്തോട് കൂടിയുള്ള സ്വാതന്ത്ര്യം) എന്ന തത്വം പാലിച്ചു കൊണ്ട് പ്രവർത്തിക്കുവാൻ സർക്കാർ കോർപ്പറേഷന് അനുമതിയും നൽകി. ആദ്യവർഷം 2005 – 06 ൽ തന്നെ 235 ദിവസം തൊഴിൽ നൽകി സ്ഥാപിത ലക്ഷ്യത്തിലേയ്ക്ക് കോർപ്പറേഷൻ കുതിച്ചു. തൊട്ടു തലേവർഷമായ 2004 – 05 ൽ 67 ദിവസവും, 2003 – 04 ൽ 17 ദിവസവും, 2002–03 വർഷത്തിൽ 0 ദിവസവും ജോലി നൽകിയ സ്ഥാന ത്താണ് 235 ദിവസം തൊഴിൽ നൽകികൊണ്ട് റിക്കോർഡ് സൃഷ്ടിച്ചത്. കശുവണ്ടി വ്യവസായത്തെ കുറിച്ച് പഠിച്ച ഒരു വ്യക്തി കാഷ്യൂ കോർപ്പ റേഷൻ മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെടുന്നത് ആദ്യമായിരുന്നു.

കശുവണ്ടി മുതലാളിമാരുടെ എല്ലാ ഗൂഢനീക്കങ്ങളും തകർത്ത് മുപ്പത്തോളം ഫാക്ടറികളും, ഇരുപതിനായിരത്തോളം തൊഴിലാളികളും, 250 കോടി രൂപയുടെ പ്രതിവർഷ വിറ്റുവരവുമുള്ള ഒരു മഹാതൊഴിലാളി സ്ഥാപനമായി പിന്നീട് കോർപ്പറേഷൻ മാറി.

2006 – ൽ അച്യുതാനന്ദൻ സർക്കാർ വന്നു. സി.ഐ.ടി.യു. നേതാവ് ശ്രീ. ഇ. കാസിമിനെ ചെയർമാനായി നിയമിച്ചു. ഉമ്മൻചാണ്ടി സർക്കാർ നിയമിച്ച മാനേജിംഗ് ഡയറക്ടർ രതീഷിനെ അച്യുതാനന്ദൻ സർക്കാർ മാറ്റിയില്ല. 2011 – ൽ ഉമ്മൻചാണ്ടി സർക്കാർ വീണ്ടും വന്നു. **2012 ഫെബ്രുവരി 17 ന് ഐ.എൻ.റ്റി.യു.സി. പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ കോർപ്പറേഷൻ**

**ചെയർമാനായി നിയമിക്കപ്പെട്ടു.** ഈ സന്ദർഭത്തിലും മാനേജിംഗ് ഡയറക്ടർ രതീഷിനെ സർക്കാർ മാറ്റിയില്ല.

2011 ലെ ഉമ്മൻചാണ്ടി സർക്കാർ എന്തുകൊണ്ട് കമ്മ്യൂണിസ്റ്റുകാരനായ രതീഷിനെ അന്ന് മാറ്റിയില്ല? ഇവിടെയും രാഷ്ട്രീയ തെറ്റ് വീണ്ടും ആവർത്തിച്ചില്ലെ?

ഒരു സ്വകാര്യകേസ്സിൽ കോർപ്പറേഷന്റെ പ്രവർത്തന വിഷയം സി.ബി.ഐ. അന്വേഷിക്കട്ടെയെന്ന് ഹൈക്കോടതി പരാമർശം ഉണ്ടായ പ്പോൾ കേവലം മൂന്നരവർഷം മാത്രം ചെർമാനായിരുന്ന ഐ.എൻ.റ്റി.യു.സി. പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ തൽസ്ഥാനം രാജിവെച്ചു. മാനേജിംഗ് ഡയറക്ടർ രതീഷിനെ മറ്റൊരു സ്ഥാപനത്തിലേയ്ക്ക് സർക്കാർ മാറ്റി നിയമിച്ചു. ചന്ദ്രശേഖരൻ ചെയർമാനായിരുന്ന 2012 മുതലുള്ള മൂന്നര വർഷക്കാലത്ത് 878 ദിവസം തൊഴിലാളികൾക്ക് ജോലി നൽകി. ഇത് സർവ്വകാല റിക്കോർഡ് എന്നു മാത്രമല്ല, വ്യക്തമായ തൊഴിലാളി പ്രതിബദ്ധത അദ്ദേഹം തെളിയിക്കുകയും ചെയ്തു.

ശ്രീ. ആർ. ചന്ദ്രശേഖരന് പകരം ശ്രീ. കെ. ബൈജു IAS ചെയർമാനായും, കെ.എ. രതീഷിന് പകരം ശ്രീ. ജീവൻബാബു IAS മാനേജിംഗ് ഡയറക്ടറായും നിയമിക്കപ്പെട്ടു. ഈ ഐ.എ.സ്സുകാർ വന്നതിന് ശേഷം ഇന്നേവരെയായി കോർപ്പറേഷൻ കമ്പനികൾ തുറന്നിട്ടില്ല. ഉൽപാദനം നടന്നിട്ടില്ല. കഴിഞ്ഞ 11 മാസമായി ഐ.എ.എസ്സുകാരായ ഇവർ നിഷ്ക്രിയരായിരിക്കുന്നു. ആരോപണങ്ങളെ ഇവരും ഭയക്കുന്നു. ഒന്നും ചെയ്തില്ലയെങ്കിൽ ആരോപണം ഉണ്ടാകില്ലല്ലോ.

സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴി കശുവണ്ടി വാങ്ങാതെ വ്യക്തികളിൽ നിന്നും വാങ്ങി എന്നതാണ് പ്രധാന ആരോപണമായി ഉന്നയിക്കപ്പെട്ടത്. എന്നാൽ ഇതേ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴി കഴിഞ്ഞ 11 മാസമായി എന്തുകൊണ്ട് നിലവിലുള്ള രണ്ട് IAS കാർ കശുവണ്ടി വാങ്ങി തൊഴിലാളികൾക്ക് ജോലി നൽകിയില്ല. ആക്ഷേപം ഉന്നയിച്ചവർ മറുപടി പറയണം.

പതിനൊന്നു മാസമായി ഫാക്ടറികൾ അടച്ചിട്ടപ്പോൾ - തൊഴിലാളികൾക്ക് പണിയില്ലാതാക്കിയപ്പോൾ - അഴിമതിയാരോ പണക്കാർക്കും അവരുടെ സഹായികൾക്കും സമാധാനമായി. മുതലാളിമാർക്ക് അതിലും സന്തോഷം. 47 വർഷമായി തങ്ങൾ നടത്തുന്ന പരിശ്രമത്തിനും, കോടികൾ മുടക്കിയതിനും ഫലമുണ്ടായിരിക്കുന്നു.

## ആരോപണത്തിന് പിന്നിലെ തിരക്കഥ

പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഒരു മന്ത്രിയുടെ വകുപ്പിന് കീഴിലാണ്. ഈ വകുപ്പിൽ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും, നിരീക്ഷിക്കാനും IAS കാരായ സെക്രട്ടറിയും, പ്രിൻസിപ്പൽ സെക്രട്ടറിയും സ്പെഷ്യൽ സെക്രട്ടറിയും മറ്റ് അഡീഷണൽ സെക്രട്ടറിമാരും ഒരുപറ്റം ഉദ്യോഗസ്ഥൻമാരും ഉണ്ട്.

നിയമവ്യവസ്ഥകൾക്കും സർക്കാർ വ്യവസ്ഥകൾക്കും അനുസരിച്ചാണോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് നിരീക്ഷിക്കാനും, നിയന്ത്രിക്കാനും എല്ലാ സ്ഥാപനങ്ങളുടെ ബോർഡുകളിലും ഏറ്റവും കുറഞ്ഞത് രണ്ട് സർക്കാർ ഉന്നത ഉദ്യോഗസ്ഥർ ബോർഡംഗങ്ങളായി ഉണ്ടായിരിക്കും. (ഈ സ്ഥാപനത്തിലും വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയും, ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ബോർഡ് അംഗങ്ങളായിട്ടുണ്ട്).

എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ ഓഡിറ്റ് വിഭാഗം ഉണ്ടായിരിക്കും. സമയാസമയങ്ങളിൽ ഈ വിഭാഗം കൃത്യമായി കണക്കുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി ബോർഡിന് സമർപ്പിക്കണം. (ഈ വിഭാഗം കാഷ്യൂ കോർപ്പറേഷനിലും പ്രവർത്തിക്കുന്നുണ്ട്).

കമ്പനീസ് ആക്ട് പ്രകാരം ചാർട്ടേഡ് അക്കൗണ്ടിനെ കൊണ്ട് എല്ലാ വർഷവും കണക്കുകൾ ഓഡിറ്റ് ചെയ്തിരിക്കണം. ഈ റിപ്പോർട്ട് ബോർഡിന് മുമ്പിൽ വയ്ക്കണം - സർക്കാരിന് സമർപ്പിക്കണം - രജിസ്ട്രാർ ഓഫ് കമ്പനീസിന് സമർപ്പിക്കണം. (ഈ നടപടികളും ഈ സ്ഥാപനത്തിൽ കൃത്യമായി നടക്കുന്നുണ്ട്).

ഭരണഘടന സ്ഥാപനമായ അക്കൗണ്ടന്റ് ജനറൽ ഓഫീസ് വീണ്ടും ഇതേ കണക്കുകൾ ഓഡിറ്റ് ചെയ്യണം - റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണം - നിയമസഭയിൽ അവതരിപ്പിക്കണം. (ഈ നടപടികളും ഈ സ്ഥാപനത്തിൽ നടക്കുന്നു).

ഇത്തരത്തിൽ വിവിധതലങ്ങളിൽ നടക്കുന്ന ഓഡിറ്റ് റിപ്പോർട്ടിൽ അപാകതകൾ കണ്ടുപിടിക്കപ്പെട്ടാൽ ആ വിഷയം സർക്കാരിലെ അതാതു വകുപ്പുകൾ അത് ക്രമപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നടത്തുകയും, ക്രമപ്പെടുത്തുകയും ചെയ്യണം. ഇതാണ് ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ പൊതുവായ രീതി (ഇത് ഈ സ്ഥാപനത്തിലും കൃത്യമായി നടന്നിട്ടുണ്ട്)

അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ഓഡിറ്റ് റിപ്പോർട്ടിൽ അപാകതകളും വീഴ്ചകളും ചൂണ്ടികാണിക്കാത്ത ഒരു പൊതുമേഖലാ സ്ഥാപനവും ഒരു ഓഡിറ്റ് റിപ്പോർട്ടും ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല. എന്നാൽ

റിപ്പോർട്ടിലെ ഇത്തരം ചില പരാമർശങ്ങൾ ഊതി വീർപ്പിച്ച് ഊഹാപോഹ കണക്കുകൾ ഉണ്ടാക്കി അഴിമതിയുടെ കഥകൾ സൃഷ്ടിച്ച് മാധ്യമങ്ങളിലൂടെ പൊതുസമൂഹത്തിൽ സംശയം സൃഷ്ടിക്കുകയാണ് പൊതുമേഖലാ ശത്രുക്കൾ സ്വീകരിക്കുന്ന ശൈലി. ഇതിന്റെ തനി രൂപമാണ് ഇപ്പോഴത്തെ കശുവണ്ടി ആരോപണം.

## യൂണിയനിലെ കുടിപ്പക ഒരു നിമിത്തം

കാഷ്യൂ കോർപ്പറേഷനിൽ പ്രധാനമായും 4 അംഗീകൃത യൂണിയനുകളാണ് ഉള്ളത് (സി.ഐ.ടി.യു., ഐ.എൻ.റ്റി.യു.സി., എ.ഐ.ടി.യു.സി, യു.ടി.യു.സി.) നിലവിൽ ബഹു. ഉമ്മൻചാണ്ടി പ്രസിഡന്റും, വി. സത്യശീലൻ ജനറൽ സെക്രട്ടറിയുമായി പ്രവർത്തിക്കുന്നതാണ് ഐ.എൻ.റ്റി.യു.സി. യൂണിയൻ. ഇവരെ രണ്ടുപേരെയും തൽസ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്ത് ഇതേ യൂണിയന് മറ്റൊരു കമ്മിറ്റി നിലവിൽ വന്നു. ഈ കമ്മിറ്റിയെ അംഗീകരിക്കണമെന്ന ആവശ്യം ഉണ്ടായി. ഏകപക്ഷീയമായ തീരുമാനം മാനേജ്മെന്റിന് സ്വീകരിക്കുവാൻ കഴിയുമായിരുന്നില്ല. തർക്കം കോടതിയിലൂടെ തീർപ്പ് കൽപിച്ച് വരുവാൻ നിർദ്ദേശിച്ചു. ഇത് അംഗീകരിക്കാൻ തയ്യാറാകാത്തവർ മാനേജ്മെന്റിന് എതിരെ വെല്ലുവിളി ഉയർത്തി. ഞങ്ങളെ അംഗീകരിച്ചില്ലെങ്കിൽ നിങ്ങളെ തകർക്കും, സ്ഥാപനം പ്രവർത്തിക്കാൻ അനുവദിക്കില്ല. വെല്ലുവിളികൾ പലതും നടന്നു. ഓഫീസിൽ കയറി ഫയലുകൾ നശിപ്പിക്കുന്ന അവസ്ഥ വരെ ഉണ്ടായി. ഇതിന്റെ പേരിൽ ക്രിമിനൽ കേസുകൾ ഇന്നും നിലനിൽക്കുന്നു.

ഈക്കൂട്ടർ കോർപ്പറേഷനിലെ അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ടുകൾ കൈവശപ്പെടുത്തി റിപ്പോർട്ടിലെ പരാമർശങ്ങൾ ചൂണ്ടിക്കാട്ടി പരാതികൾ അയച്ചു തുടങ്ങി. ഇതിന്മേൽ വ്യവസായ വകുപ്പും ധനകാര്യ വകുപ്പും മറ്റ് സർക്കാർ പരിശോധന വിഭാഗങ്ങളും പലവട്ടം പരിശോധനകൾ നടത്തി ഗുരുതരമായ അപാകതകൾ ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. ഐ.എ.എസ്. ഉദ്യോഗസ്ഥർ തന്നെ നേരിട്ട് അന്വേഷണം നടത്തി നൽകിയ നിർദ്ദേശങ്ങൾ അക്ഷരംപ്രതി മാനേജ്മെന്റ് നടപ്പിലാക്കി. ഇതേ ആക്ഷേപങ്ങൾ സംസ്ഥാന വിജിലൻസിന് സമർപ്പിച്ചു. അവർ അന്വേഷിച്ചു. യാതൊരുകുറ്റവും കണ്ടെത്തിയില്ല. ഈ അന്വേഷണമെല്ലാം കളവാണെന്ന് ചൂണ്ടിക്കാട്ടി പരാതിക്കാരൻ ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി സി.ബി.ഐ. പരിശോധന നടക്കട്ടെ എന്ന് നിർദ്ദേശിച്ചു. അന്വേഷണം നടക്കുന്നു. 2005 മുതൽ 2015 വരെയുള്ള പത്ത് വർഷക്കാലത്തെ അന്വേഷണമാണ് ഈക്കൂട്ടർ ആവശ്യപ്പെടുന്നത്.

പത്തുവർഷക്കാലത്തെ അന്വേഷണം ആവശ്യപ്പെടുവാൻ കാരണം, പത്തുവർഷം മാത്രം എടുത്താൽ മതിയെന്ന് മുതലാളിമാർ പറഞ്ഞു. അതിന് കാരണം ഈ പത്ത് വർഷമാണ് തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ നൽകപ്പെട്ടത്. കോർപ്പറേഷൻ സ്ഥാപിതമായി 1969 – മുതൽ 2004 വരെയുള്ള 35 വർഷക്കാലത്ത് ആകെ നൽകിയ തൊഴിൽ ദിനങ്ങൾ 3157 ആണെങ്കിൽ 2005 മുതൽ 2015 വരെയുള്ള പത്ത് വർഷക്കാലം കൊണ്ട് നൽകിയ തൊഴിൽ ദിനങ്ങൾ 2217 ആണ്. ഇതിൽ ആർ. ചന്ദ്രശേഖരൻ ചെയർമാനായിരുന്ന മൂന്നരവർഷക്കാലം മാത്രം 878 ദിവസം തൊഴിൽ നൽകി.

1993 മുതൽ 5 വർഷക്കാലം ഐ.എൻ.റ്റി.യു.സി. മുൻ സംസ്ഥാന പ്രസിഡന്റും ഈ കോർപ്പറേഷന്റെ ചെയർമാനായിരുന്നു. അന്ന് അഞ്ചു വർഷം കൊണ്ട് തൊഴിലാളികൾക്ക് നൽകിയ തൊഴിൽ ദിനങ്ങൾ 244 മാത്രം.

1969 മുതൽ 2015 വരെയുള്ള കോർപ്പറേഷന്റെ 46 വർഷത്തെ ആകെ വിറ്റു വരവ് 3016 കോടിയും, ആകെ നഷ്ടം 1165 കോടിയുമാണ്. ഇതിൽ 2005 മുതൽ 2015 വരെയുള്ള പത്ത് വർഷത്തെ ആകെ വിറ്റു വരവ് 1395 കോടിയും, നഷ്ടം 676 കോടിയും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ തന്നെ ചന്ദ്രശേഖരൻ ചെർമാനായിരിക്കുന്ന കാലയളവിലെ വിറ്റു വരവ് 663 കോടിയും, നഷ്ടം 199 കോടിയും മാത്രം. വസ്തുകൾ ഇതായിരിക്കെ 1200 കോടി രൂപ ചന്ദ്രശേഖരൻ മോഷ്ടിച്ച് തലയണയ്ക്ക് കീഴെ സൂക്ഷി ച്ചിരിക്കുന്നു എന്ന് പ്രചരണം നടത്തുന്നതിന് പിന്നിൽ വൻഗൂഢാലോചന ഉണ്ട്.

## റിയാബും കശുവണ്ടി കോർപ്പറേഷനും

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പഠിക്കുക, ഓരോ വ്യവസായത്തിന്റെയും പ്രവർത്തന – സാമ്പത്തിക വിഷയങ്ങൾ വിശകലനം ചെയ്യുക, വിപുലീകരണ പ്രവർത്തനങ്ങൾക്ക് ശുപാർശ ചെയ്യുക, ആവശ്യ മായ നിയമനങ്ങൾ നടത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 1994 – ൽ സ്ഥാപിതമായ വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനമാണ് പബ്ലിക് സെക്ടർ റീസ്ട്രച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് അഥവാ റിയാബ്.

കശുവണ്ടി വികസന കോർപ്പറേഷൻ വർഷന്തോറും കോടികളുടെ നഷ്ടം വരുത്തുന്നു. സർക്കാർ അനാവശ്യമായി കോടികൾ ഒഴുക്കി കളയുകയാണ്. ഇതുകൊണ്ട് ഒരു പ്രയോജനവുമില്ല. വൻകയറ്റുമതി സാദ്ധ്യത യും, വിദേശനാണ്യവും നേടി കശുവണ്ടി വ്യവസായം പുഷ്ടി പ്രാപിക്കണ മെങ്കിൽ ഈ കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിക്കണം. ഈ നിർദ്ദേശം കശുവണ്ടി മുതലാളിമാർ റിയാബിനും മറ്റ് വ്യവസായ – ധനകാര്യ

ഉദ്യോഗസ്ഥൻമാർക്കു മുമ്പിലും സമർപ്പിച്ച് ശക്തമായ സമ്മർദ്ദം ചെലുത്തി വന്നു.

ഇവരുടെ വാക്കുകൾ കേട്ട് ഈ കോർപ്പറേഷൻ വെള്ളാനയാണെന്നും, വ്യാപക അഴിമതിയാണ് നടക്കുന്നതെന്നും അടച്ചു പൂട്ടേണ്ട കാലം കഴിഞ്ഞുവെന്നും ഒരു സർക്കാരിനും ഇത് താങ്ങാൻ കഴിയില്ല എന്നുമുള്ള അഭിപ്രായപ്രകടനങ്ങൾ പരസ്യമായും രഹസ്യമായും പല IAS ഉദ്യോഗസ്ഥരും പ്രകടിപ്പിക്കാൻ തുടങ്ങി.

ഈ അവസരം ശരിയായി മുതലെടുക്കാൻ മുതലാളിമാർ തീരുമാനിച്ചു. യൂണിയൻ വിഷയവുമായി ബന്ധപ്പെട്ട് ഇടഞ്ഞു നിൽക്കുകയും, മാനേജ്മെന്റിനോട് വെല്ലുവിളി നടത്തുകയും ചെയ്തു വന്ന വ്യക്തിയെ ഇവർ സ്വാധീനിച്ചു. കോർപ്പറേഷനെതിരെ പരാതി കൊടുക്കാൻ നിർദ്ദേശിച്ചു. മുതലാളിമാരുമായി ഉടമ്പടിയിലായ ഈ വ്യക്തി ആദ്യമായി റിയാബിലേയ്ക്ക് പരാതി അയച്ചു തുടങ്ങി. മുതലാളിമാർ പറഞ്ഞതും, യൂണിയൻ പ്രവർത്തകൻ പറഞ്ഞതും ഒന്നുതന്നെയായപ്പോൾ, ഉദ്യോഗസ്ഥർക്ക് കാര്യം എളുപ്പമായി. അവർ ഓരോന്നും ചിക്കിചികയാൻ തുടങ്ങി. റിപ്പോർട്ടുകൾ പലതും ഉണ്ടായി.

ആദ്യം വ്യവസായ വകുപ്പ് സെക്രട്ടറിയും, പിന്നീട് ധനകാര്യ സെക്രട്ടറിയുമായ ഒരു IAS ഉദ്യോഗസ്ഥൻ കോർപ്പറേഷനെതിരെ കച്ചമുറുക്കി പോരിന് ഇറങ്ങി. കൂടെ റിയാബിന്റെ സെക്രട്ടറിയും രംഗത്ത് വന്നു. ഈ രണ്ടുപേരും കൂടി മാനേജ്മെന്റുമായി ചർച്ചകൾ പലതും നടന്നു. വാഗ്വാദങ്ങൾ ഏറെ ഉണ്ടായി. ഒരുപരിധി കഴിഞ്ഞപ്പോൾ ഇത് വ്യക്തി പരമായ ചില അസ്വാരസ്യങ്ങൾക്ക് വഴി വച്ചു. സീനിയർ IAS ഉദ്യോഗസ്ഥ ന്റെയും, കേരളത്തിലെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പരിശോധന വിഭാഗമായ റിയാബ് സെക്രട്ടറിയുടെയും മുഖത്ത് നോക്കി ഒരു സാദാ അണ്ടി കമ്പനി മാനേജ്മെന്റ് ഉദ്യോഗസ്ഥൻ സംസാരിച്ചതും തർക്കി ച്ചതും തങ്ങളുടെ അഭിമാനത്തിന് ക്ഷതം ഉണ്ടാക്കിയതായി “ഈഗോ” രൂപപ്പെട്ടു. ചുരുക്കത്തിൽ ഇതുമൂലം കാഷ്യൂ കോർപ്പറേഷന്റെ ഓരോ സാമ്പത്തിക വിഷയങ്ങളും മന്ത്രിസഭയിൽ പോയി തീരുമാനിക്കേണ്ട സ്ഥിതി യിലായി.

ധനകാര്യ സെക്രട്ടറി മാറി പുതിയ സെക്രട്ടറി വന്നു. ഈ വിഷയ ത്തിൽ വളരെ മുൻവിധിയോടെ വന്ന ഇദ്ദേഹം കോർപ്പറേഷൻ മാനേജ് മെന്റമായോ, ബോർഡുമായോ ഒരിക്കൽപോലും സംസാരിക്കാനും, ചർച്ച നടത്താനും തയ്യാറായില്ല. നേരിൽ കാണാൻ ചെന്ന ബോർഡ് അംഗങ്ങളുടെ മുമ്പിൽ കറങ്ങുന്ന കസേരയിൽ തിരിഞ്ഞിരുന്നുകൊണ്ട് അദ്ദേഹം

പ്രതിഷേധിച്ചു- അവഹേളിച്ചു. സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കാതെ കമ്പനികൾ ആറ് മാസമായി അടഞ്ഞു കിടക്കുന്നു. 30 ഫാക്ടറികൾക്ക് മുമ്പിലും CITU വിന്റെ നേതൃത്വത്തിൽ സമരം നടക്കുന്നു. 2015 - ലെ ഓണം അടുത്തു വരുന്നു. തൊഴിലാളികൾക്ക് ജോലി കൊടുക്കണം - ശമ്പളം കൊടുക്കണം - ബോണസ്സ് കൊടുക്കണം. സർക്കാർ സഹായം ഇല്ലാതെ ഇത് നടക്കില്ല. ചെയർമാൻ ശ്രീ. ചന്ദ്രശേഖരൻ, ബഹു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി, വ്യവസായ വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി, തൊഴിൽ വകുപ്പ് മന്ത്രി ഷിബു ബേബിജോൺ എന്നിവരേയും ബഹു. കെ.പി.സി.സി. പ്രസിഡന്റിനേയും നേരിൽ കണ്ട് ഗൗരവ്വം ബോദ്ധ്യപ്പെടുത്തി. അവരുടെ നിസ്സാഹയ അവസ്ഥ കണ്ടപ്പോൾ ചന്ദ്രശേഖരൻ ചെയർമാൻ സ്ഥാനം രാജിവച്ച് ഒഴിയാൻ തീരുമാനിച്ചു. രേഖമൂലം രാജികത്ത് നൽകി. ഒരു കാരണവശാലും രാജി വയ്ക്കരുത്. ഈ അവസരത്തിൽ രാജി വയ്ക്കുന്നത് ശരിയല്ല. സർക്കാർ ഉചിതമായ തീരുമാനമെടുക്കാം എന്ന് അറിയിച്ചു.

CITU നടത്തുന്ന സമരം ചർച്ച ചെയ്ത് അവസാനിപ്പിക്കണം. 2015 ആഗസ്റ്റ് 17ന് (ചിങ്ങം-1) എല്ലാ കമ്പനികളും തുറക്കണം. ഉൽപാദനം ആരംഭിക്കണം. ഇതിനായി 30 കോടി രൂപ കോർപ്പറേഷന് അനുവദിക്കുന്നു. 2015 ജൂലൈ 29 ന് മന്ത്രിസഭ തീരുമാനിച്ചു.

ഇത് അനുസരിച്ച് സമരത്തിലായിരുന്ന CITU നേതാക്കളുമായി മാനേജ്മെന്റ് ചർച്ച നടത്തി. സമരം അവസാനിപ്പിച്ച് കരാർ ഒപ്പുവച്ചു. ചെയർമാൻ ആർ. ചന്ദ്രശേഖരനും, മാനേജിംഗ് ഡയറക്ടർ രതീഷിനും പുറമെ CITU നേതാക്കളായ ശ്രീമതി. മേഴ്സിക്കുട്ടിയമ്മ, മുൻ ചെയർമാൻ ശ്രീ. ഇ. കാസിം, ഡയറക്ടർ ശ്രീ. തുളസീധരൻ, ഡയറക്ടറും ഐ.എൻ. റ്റി.യു.സി. നേതാവും, ഡി.സി.സി പ്രസിഡന്റുമായ ശ്രീ. വി. സത്യശീലൻ, ഡയറക്ടറും AITUC നേതാവുമായ ശ്രീ. ഫസലുദ്ദീൻ ഹക്ക്, ഡയറക്ടറും UTUC നേതാവുമായ ശ്രീ. പ്രകാശ് ബാബു എന്നിവരാണ് കരാറിൽ ഒപ്പു വച്ചത്. 2015 ആഗസ്റ്റ് 17 ന് (ചിങ്ങം-1) കമ്പനികൾ തുറക്കും - ഉൽപാദനം ആരംഭിക്കും - തൊഴിലാളികൾക്ക് ജോലി നൽകും - ബോണസ്സും ആനുകൂല്യങ്ങളും നൽകും എന്നിവയായിരുന്നു കരാർ വ്യവസ്ഥകൾ. സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണ് ഈ കരാർ ഒപ്പു വച്ചത്.

എന്നാൽ ജൂലൈ 29 ന് മന്ത്രിസഭ തീരുമാനിച്ച് അനുവദിച്ച 30 കോടി രൂപ ധനകാര്യ സെക്രട്ടറി തടഞ്ഞു വച്ചു. മന്ത്രിസഭയല്ല ആരുപറഞ്ഞാലും തുക നൽകില്ല എന്ന് അദ്ദേഹം ശാഠ്യം പിടിച്ചു. മന്ത്രിസഭാ തീരുമാനം തനിക്ക് ബാധ്യകമല്ല. മന്ത്രിസഭയെക്കാളും വലിയ അധികാരകേന്ദ്രമായി ധനസെക്രട്ടറി സ്വയം പ്രഖ്യാപിച്ചു. മന്ത്രിസഭാ തീരുമാനത്തിന്റെയും ഇത് അനുസരിച്ച് ട്രേഡ് യൂണിയനുകളുമായി ഉണ്ടാക്കിയ കരാറിന്റെ സ്ഥിതിയും, ആഗസ്റ്റ് 27 ന് ആണ് ഓണമെന്നും ബോണസ്സും ആനുകൂല്യവും കൊടുക്ക

ണമെന്നും ഇത് നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരെയും രാഷ്ട്രീയ നേതൃത്വത്തെയും ചെയർമാൻ ചന്ദ്രശേഖരൻ വിശദമായി ബോധ്യപ്പെടുത്തി. എന്നാൽ ആരു പറഞ്ഞാലും അനുസരിക്കാത്ത അവസ്ഥ യിലായിരുന്നു ധനസെക്രട്ടറി.

ഈ സാഹചര്യത്തിൽ ധനകാര്യ സെക്രട്ടറിയുടെ ഈ ധിക്കാരത്തി നെതിരായി 2015 ആഗസ്റ്റ് 11 മുതൽ സെക്രട്ടറിയേറ്റിന് മുന്നിൽ നിരാഹാരം നടത്തുമെന്ന് ചന്ദ്രശേഖരൻ പ്രഖ്യാപിച്ചു. ഇത് സംബന്ധിച്ച് രേഖമൂലം കത്തും നൽകി. മന്ത്രിമാരും, നേതാക്കളും ഇടപ്പെട്ടു. പരിഹാരം ഉണ്ടാകുന്നില്ല. ചന്ദ്രശേഖരൻ ആഗസ്റ്റ് 11 ന് നിരാഹാരം ആരംഭിച്ചു. ആഗസ്റ്റ് 12 ന് രാത്രി എട്ടുമണിക്ക് പ്രശ്നത്തിന് പരിഹാരമായി. പണം നൽകാൻ തീരുമാനിച്ച് സർക്കാർ ഉത്തരവുണ്ടായി. ആഗസ്റ്റ് 17 ന് കമ്പനി തുറന്നു. ഉൽപാദനം ആരംഭിച്ചു. ഓണത്തിന് മുമ്പ് ബോണസ്സും, ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് വിതരണം ചെയ്തു.

മന്ത്രിസഭാ തീരുമാനം നടപ്പാക്കിയപ്പോഴും ആരോപണങ്ങൾ വീണ്ടും ആവർത്തിക്കപ്പെട്ടു. ലേഖനപരമ്പരകളും ആക്ഷേപങ്ങളും ഉണ്ടായി. എന്തിനു വേണ്ടി? - ആർക്കു വേണ്ടി?

കശുവണ്ടി കോർപ്പറേഷനിലെ പ്രവർത്തനങ്ങൾ ശരിയായി നടത്തു വാൻ ഉദ്ദേശിച്ചുകൊണ്ടാണ് ആരോപണക്കാർ പ്രവർത്തിക്കുന്നതെങ്കിൽ 1969 മുതൽ ഇന്നേവരെയായി 1165 കോടിയുടെ നഷ്ടം വരുത്തിയ 46 വർഷത്തെ പ്രവർത്തനങ്ങൾ മുഴുവനായും അന്വേഷിക്കേണ്ടതല്ലേ? ഈ കാലയളവിൽ ഈ സ്ഥാപനം ഭരിച്ച 20 IAS കാരെയും, മുൻ ചെയർമാൻമാരെയും, മാനേജിംഗ് ഡയറക്ടർമാരെയും അന്വേഷണപരിധിയിൽ കൊണ്ട് വന്ന്, ചോദ്യം ചെയ്യപ്പെടേണ്ടതല്ലെ?

ഇനി പത്തുവർഷ പ്രവർത്തനം മാത്രമാണ് അന്വേഷണത്തിന് എടുക്കുന്നതെങ്കിൽ ചന്ദ്രശേഖരൻ ചെയർമാനായിരുന്ന മൂന്നരവർഷ ക്കാലത്തിന് മുമ്പ് ആററവർഷക്കാലം ചെയർമാൻമാരായിരുന്ന കെ. ഗോപിനാഥ്, സി.കെ. വിശ്വനാഥൻ IAS, ഇ. കാസിം, പി.ജി. തോമസ് IAS എന്നിവരല്ലെ ആദ്യം അന്വേഷണത്തിൽ ഉൾപ്പെടേണ്ടത്? എന്തുകൊണ്ട് ഇവരെ ഉൾപ്പെടുത്തുന്നില്ല? എന്തുകൊണ്ട് മാധ്യമങ്ങൾ ഇവരുടെ പേരുകൾ പറയാതെ ചന്ദ്രശേഖരന്റെ പേരുമാത്രം ആവർത്തിച്ചു കൊണ്ടിരിക്കുന്നു. ഇതു ഗൂഢാലോചനയല്ലെന്ന് ആർക്കെങ്കിലും പറയുവാൻ കഴിയുമോ?

കോർപ്പറേഷന്റെ ബോർഡ് കൂടി തീരുമാനമെടുത്ത് നടപ്പിലാക്കുമ്പോൾ ബോർഡ് അംഗങ്ങൾക്ക് ഉത്തരവാദിത്വം ഇല്ലേ? ബോർഡിൽ ഇരിക്കുന്ന തൊഴിലാളി പ്രതിനിധികൾക്ക് ബോർഡ് തീരുമാനങ്ങളിൽ പങ്കില്ലെ? എന്തുകൊണ്ട് ഇവരുടെ പേരുകൾ പരാമർശിക്കപ്പെടുന്നില്ല?.

എല്ലാ ബോർഡിലും പങ്കെടുക്കുന്ന സർക്കാർ പ്രതിനിധികൾക്ക് യാതൊരു ഉത്തരവാദിത്വവും ഇല്ലെ? കഴിഞ്ഞ മൂന്നരവർഷമായി ചന്ദ്രശേഖരനും, പത്തുവർഷമായി മാനേജിംഗ് ഡയറക്ടർ രതീഷും 1200 കോടി മോഷ്ടിച്ചിട്ട് ഈ ബോർഡ് മെമ്പർമാർ അറിഞ്ഞില്ലെ?

വ്യവസായ വകുപ്പിന് കീഴിലുള്ള ഈ പൊതുമേഖലാ സ്ഥാപനത്തിൽ ഗുരുതരമായ പണമോഷണം പത്തു വർഷവും, മൂന്നരവർഷവുമായി നടത്തിയിട്ട് വ്യവസായ മന്ത്രിയും, വ്യവസായ സെക്രട്ടറിയും, വ്യവസായ വകുപ്പും, ധനസെക്രട്ടറിയും, ധനവകുപ്പും അറിഞ്ഞില്ലെ? അറിഞ്ഞില്ലെങ്കിൽ - നടപടിയെടുത്തില്ലെങ്കിൽ അവർ ചെയ്തതല്ലെ ആദ്യത്തെ തെറ്റ്?.

ഇവിടെ വിഷയം ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ച് വ്യക്തിഹത്യ നടത്തുക, അതുവഴി കോർപ്പറേഷനെ തകർക്കുക, മുതലാളിമാരെ രക്ഷിക്കുക. ഗൂഢാലോചനയുടെ ചിത്രം ഇതാണ്.

കാഷ്യൂ കോർപ്പറേഷൻ നന്നായി പ്രവർത്തിച്ചാൽ സ്വകാര്യ മേഖലയും പ്രവർത്തിപ്പിക്കണം. പ്രവർത്തിപ്പിക്കാതെ അടച്ചിട്ടാൽ 1974 - ലെ കാഷ്യൂ ഫാക്ടറി അക്യൂസേഷൻ നിയമപ്രകാരം ഈ കമ്പനികൾ സർക്കാർ ഏറ്റെടുക്കും. ഇതിനെ തടയാനാണ് മുതലാളിമാർ എല്ലാ കുതന്ത്രങ്ങളും ഉപയോഗിച്ച് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നിശ്ചലമാക്കുന്നത്. അതോടൊപ്പം മുതലാളിമാർക്ക് കമ്പനികൾ അടച്ചുപൂട്ടി നിരോധിക്കപ്പെട്ട "കുടിവറപ്പ്" സമ്പ്രദായം നടപ്പിലാക്കാം. ഇന്നിപ്പോൾ കൊല്ലം ജില്ലയിൽ "കുടിവറപ്പ്" വ്യാപകമായി നടക്കുന്നു. എല്ലാ നിയമങ്ങളും ലംഘിക്കപ്പെ ടുന്നു. തൊഴിലാളികൾ ചൂഷണത്തിന് വിധേയരായിക്കുന്നു.

ആരോപണം ഉണ്ടായാൽ അന്വേഷണം ആകാം. നടപടി കളുമാകാം. എന്നാൽ കമ്പനികൾ അടച്ചിടുന്നതിന്റെ യുക്തി എന്താണ്? മുതലാളിമാർക്ക് വേണ്ടി അല്ലെങ്കിൽ മറ്റ് എന്തിന് വേണ്ടി?.

പോലീസ് അന്വേഷണത്തിൽ യാതൊരു വരുമാനവുമില്ലാത്ത, ഈ ആരോപണവുമായി നടക്കുന്ന വ്യക്തിയുടെ ആഡംബര ജീവിതത്തിനും, കേസ്സ് നടത്തിപ്പിനും ആരാണ് സാമ്പത്തികമായി സഹായിക്കുന്നത്? മുതലാളിമാർ അല്ലെങ്കിൽ മറ്റ് ആര്?.

ആരോപണങ്ങളും അന്വേഷണങ്ങളും മുൻമുഖ്യമന്ത്രിമാർക്കും, മന്ത്രിമാർക്കും നിരവധി ഉദ്യോഗസ്ഥൻമാർക്കും, രാഷ്ട്രീയ നേതാക്കൾ ക്കുമെതിരായി കേരളത്തിൽ നടക്കുന്നുണ്ട്. ഇവരൊന്നും അഴിമതി ക്കാരാണെന്ന് ഐ.എൻ.റ്റി.യു.സി ഇന്നേവരെ പറഞ്ഞിട്ടില്ല. കേസിൽ അന്തിമവിധി ഉണ്ടാകുന്നതുവരെ കുറ്റക്കാരാണെന്ന് പറയാൻ ആർക്കും അവകാശമില്ല. എന്നാൽ ശ്രീ. ചന്ദ്രശേഖരന് എതിരെയുള്ള അന്വേഷണം മാത്രം ചർച്ച ചെയ്യപ്പെട്ട് ആഘോഷമാക്കുന്നതിന്റെ കാരണമെന്ത്? ഒരു പാർലമെന്റ് സീറ്റോ, നിയമസഭ സീറ്റോ നൽകുന്നത് തടയാനാണെങ്കിൽ

ചന്ദ്രശേഖരൻ ഈ സീറ്റിനെല്ലാം എത്രയോ ഉയരങ്ങളിലാണിന്ന്. ഒരു തൊഴിലാളിയ്ക്ക് എത്താൻ കഴിയുന്ന ലോകത്തിലെ ഏറ്റവും ഉന്നത പദവി യായ ILO ഗവേണിംഗ് ബോഡി അംഗമായി ഒരു തൊഴിലാളിയായ ശ്രീ. ആർ. ചന്ദ്രശേഖരൻ ഇന്ന് പ്രവർത്തിക്കുന്നു.

ശ്രീമതി. സോണിയാഗാന്ധിയുമായും, ശ്രീ. രാഹുൽഗാന്ധിയുമായും, രാഷ്ട്രപതിയും, മുൻരാഷ്ട്രപതിയുമായും നേർക്കുനേർ ചർച്ച നടത്തുന്നു. ഐക്യരാഷ്ട്രസഭ, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ, ITUC എന്നീ സ്ഥാപനങ്ങളിലെ അന്തർദേശീയ പ്രമുഖരുമായി ചർച്ച നടത്തുകയും വേദി പങ്കിടുകയും ചെയ്യുന്നു. ഐ.എൻ.റ്റി. യു.സി. സമ്മേളനങ്ങളും, ശക്തമായ പ്രവർത്തനങ്ങളും നടത്തുന്നു. ഇതെല്ലാം കാണുമ്പോൾ മനുഷ്യസഹജമായി സഹപ്രവർത്തകർക്ക് അസൂയ ഉണ്ടാകുക സ്വാഭാവീകം. ഈ അസൂയയുടെ പേരിൽ "ആടിനെ പട്ടിയാക്കിയും, പട്ടിയെ പേപ്പട്ടിയാക്കിയും തല്ലി കൊല്ലുന്നതു പോലെ" ചന്ദ്രശേഖരനെ പോലുള്ള ഒരു വ്യക്തിയെ വളഞ്ഞിട്ടു ആക്രമിക്കുമ്പോൾ കാലം ഇതിന് തിരിച്ചടി നൽകും. സംശയമില്ല.

ഐ.എൻ.റ്റി.യു.സി. പ്രസിഡന്റ് ശ്രീ. ചന്ദ്രശേഖരൻ അഴിമതിക്കാരനാണെന്ന് സി.ഐ.ടി.യു. പറഞ്ഞില്ല - എ.ഐ.ടി.യു.സി. പറഞ്ഞില്ല - യു.ടി.യു.സി. യും പറഞ്ഞില്ല. മുൻപ് പ്രതിപക്ഷത്തും ഇപ്പോൾ ഭരണ പക്ഷത്തും ഇരിക്കുന്ന ഇടതുപക്ഷവും പറഞ്ഞിട്ടില്ല.

കോൺഗ്രസ്സിലെ ചില പ്രമാണിമാർ കശുവണ്ടി മുതലാളിമാരിൽ നിന്ന് പിരിവായും അല്ലാതെയും സാമ്പത്തിക നേട്ടം പറ്റിക്കൊണ്ട് ചില മാധ്യമ ങ്ങളുടെ സഹായത്തോടെ ഐ.എൻ.റ്റി. യു.സി. പ്രസിഡന്റ് ചന്ദ്രശേഖരനെ തേജോവധം ചെയ്യുന്നു, വ്യക്തിഹത്യ നടത്തുന്നു. കോൺഗ്രസ്സ് ഗ്രൂപ്പു കളുടെ പേരിലായാലും, ഗ്രൂപ്പിലെ ഉപഗ്രൂപ്പിന്റെ പേരിലായാലും വ്യക്തി വിരോധത്തിന്റെ പേരിലായാലും, അസൂയയുടെ പേരിലായാലും ഒന്നു പറയുന്നു. ഇത് ക്രൂരമാണ് - മനുഷ്യത്വരഹിതമാണ്. ഇത് ഇവിടെ നിർത്തു ന്നതാണ് ഈ പ്രവർത്തികൾക്ക് രഹസ്യമായും, പരസ്യമായും നേതൃത്വം കൊടുക്കുന്നവർക്ക് നല്ലത്. അല്ലെങ്കിൽ ഉടുതുണിയ്ക്ക് മറുതുണിയില്ലാതെ രാഷ്ട്രീയ ഉന്നതങ്ങളിലെത്തിയ നേതാക്കളുടെ ഇന്നത്തെ ആസ്തികളും - ബാധ്യതകളും - ആഡംബര ജീവിതവും സംബന്ധിച്ച് പൊതുവായി അന്വേ ഷണം ആവശ്യപ്പെടേണ്ടി വരും. വീണ്ടും അസൂയ ശമിക്കുന്നില്ലെങ്കിൽ പേരുകൾ പരസ്യമായി വെളിപ്പെടുത്തി കൊണ്ട് തന്നെ അന്വേഷണം ആവശ്യപ്പെടാൻ ഐ.എൻ.റ്റി.യു.സി.യെ സ്നേഹിക്കുന്നവർ തയ്യാറാകും. അതിനുള്ള ആർജ്ജവം മഹാത്മഗാന്ധിയും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും, സർദാർ വല്ലഭ ഭായ് പട്ടേലും ഐ.എൻ.റ്റി.യു.സി. രൂപീകരണ ദിനത്തിൽ തന്നെ പകർന്നു തന്നിട്ടുണ്ട്.

പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റിസിൽ ആകെ അഴിമതിയാണെന്ന് കണ്ടെത്തിയ റിയാബ് സെക്രട്ടറി പത്മകുമാറിനെ തന്നെ എല്ലാം ശരിയായി നടത്താൻ മലബാർ സിമന്റിസിലെ മാനേജിംഗ് ഡയറക്ടറായി സർക്കാർ നിയമിച്ചു. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഗുരുതരമായ അഴിമതി കേസ്സിൽ ഇപ്പോൾ ഒന്നാം പ്രതിയായിരിക്കുന്നു പത്മകുമാർ. കശുവണ്ടി കോർപ്പറേഷനിലും ഇന്നത്തെ ആരോപണങ്ങൾക്ക് തുടക്കം ഇട്ടത് ഇതേ പത്മകുമാർ തന്നെയായിരുന്നു."കൊടുത്താൽ കൊല്ല ത്തല്ല -പാലക്കാട്ടും കിട്ടും"... എന്ന് ഇത് തെളിക്കുന്നു.

കാഷ്യു കോർപ്പറേഷന് പുറമെ കാപെക്സ് എന്ന ഒരു പൊതുമേഖലാ സ്ഥാപനവും കശുവണ്ടിയുമായി ബന്ധപ്പെട്ട് കൊല്ലത്ത് പ്രവർത്തിക്കുന്നുണ്ട്. അവിടുത്തെ അഴിമതി ആരോപണവും അന്വേഷണത്തിലാണ്. എന്നാൽ കാപെക്സ് ചെയർമാന്റെയും, എം.ഡി.യുടെയും പേര് എവിടെയും ചർച്ച ചെയ്യപ്പെടുന്നില്ല. അവരെ ആരും ആക്ഷേപിക്കുന്നുമില്ല. കോർപ്പറേഷനിൽ ആരോപണം ഉന്നയിച്ചവരുടെ ബന്ധുക്കളും സ്വന്തക്കാരുമാണ് കാപെക്സ് തലപ്പത്ത് ഉള്ളത് എന്നതുകൊണ്ട് തൽക്കാലം അത് മറച്ചുവയ്ക്കപ്പെടുന്നു. പക്ഷെ "കൊടുത്താൽ പാലക്കാട്ടു മാത്രമല്ല കൊല്ലത്തു തന്നെയും കിട്ടും".

ശ്രീ. ചന്ദ്രശേഖരനെ കാഷ്യു കോർപ്പറേഷൻ ചെയർമാനായി നിയമിക്കുന്നത് കോൺഗ്രസ്സ് പാർട്ടിയും, യു.ഡി.എഫ്. സർക്കാരുമാണ്. സ്വാഭാവികമായി ഇത്തരമൊരു ആരോപണം ചന്ദ്രശേഖരനെതിരെ ഉണ്ടായ പ്പോൾ അതിന്റെ നിജസ്ഥിതി എന്ത് എന്ന് അന്വേഷിക്കുവാനുള്ള ബാധ്യത പാർട്ടിയ്ക്കും, കൊല്ലം ജില്ലയിൽ ആണെന്നുള്ളതുകൊണ്ട് ഡി.സി.സി.യ്ക്കും ഒരു പരിധിവരെ യു.ഡി.എഫിനും ഉണ്ട്. എന്നാൽ രേഖാമൂലം ആവശ്യ പ്പെട്ടിട്ടും ഇത്തരമൊരു നടപടി സ്വീകരിക്കാതിരിക്കുന്നത് വളരെ ഖേദ കരമാണ്.

ചുരുക്കത്തിൽ മൂന്നാറിലെ തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾ നടത്തിയ "പെൺ ഒരുമ" സമരം പോലെ കൊല്ലത്തും കശുവണ്ടി തൊഴിലാളികൾ സംഘടിതരായി രംഗത്തിറങ്ങിയാൽ അത്ഭുതപ്പെടാനില്ല. കാരണം ഈ മേഖലയിലെ തൊഴിൽ അവരുടെ ജീവിതമാണ്.

*******